നമ്പർ M.8-259/14

വാണിജ്യ നികുതി വകുപ്പ്
ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം,
മലപ്പുറം, തിയ്യതി: 18.09.2014
ഫോൺ: 0483-2737377
E-mail: dcctmalappuram@gmail.com

പ്രേക്ഷിതൻ

ഡെപ്യൂട്ടി കമ്മീഷണർ
വാണിജ്യ നികുതി വകുപ്പ്
മലപ്പുറം

സ്വീകർത്താവ്

ജില്ലാ കലക്ടർ
മലപ്പുറം

സർ,

വിഷയം: വാണിജ്യനികുതി വകുപ്പ് – സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനുവേണ്ടി സമർപ്പിക്കുന്നത്.

** ** **

വാണിജ്യനികുതി നിയമം വകുപ്പ് 15(1) പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ പത്തു ലക്ഷം രൂപയിൽ കുറയാത്ത വിറ്റുവരവുള്ള ഏതൊരു വ്യാപാരിയും രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ എടുക്കാൻ തനിക്ക് ബാധ്യതയില്ല എന്ന് ഏതെങ്കിലും വ്യാപാരി അവകാശമുന്നയിച്ചാൽ ആയത് തെളിയിക്കേണ്ട പരിപൂർണ്ണ ചുമതല പ്രസ്തുത വ്യാപാരിക്കായിരിക്കും.

സർക്കുലർ നമ്പർ 23/2014 പ്രകാരം വകുപ്പ് 8(ബി) അനുസരിച്ച്, മെറ്റൽ ക്രഷർ യൂണിറ്റുകൾ ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യുന്നതിന് പകരം മാസാന്ത റിട്ടേൺ ഫയൽ ചെയ്യുന്ന സമ്പ്രദായം നിലവിൽ വന്നു. ഇതനുസരിച്ച്–

1. ഇതുവരെ റിട്ടേൺ ഫയൽ ചെയ്യാത്ത ക്രഷർ യൂണിറ്റ് വ്യാപാരികൾ 2014–ലെ ഫിനാൻസ് ആക്ടിൽ നിർദ്ദേശിച്ച നിരക്കിൽ പുതുതായി മാസാന്ത റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.

2. 2014 വർഷത്തിൽ ത്രൈമാസ റിട്ടേൺ ഫയൽ ചെയ്ത വ്യാപാരികൾ പുതുതായി, 2014 മെയ്, ജൂൺ, ജൂലൈ മാസത്തേക്ക് കുടിശ്ശികയുള്ള നികുതി സഹിതം മാസാന്ത റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കമ്മീഷണർ
മലപ്പുറം